പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7626 23-07-2012 -ൽ മറുപടിയ്ക്ക്

ആശ്രിത നിയമന പ്രകാരം എൽ.ഡി.സി തസ്തികയിലേയ്ക്കുള്ള നിയമനം

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി. | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി ) |
|---|---|
| (എ) ആശ്രിതനിയമന പ്രകാരമുള്ള കുടിശ്ശികനിയമനങ്ങൾ ഒറ്റത്തവണയായി തീർക്കുന്നതിനായി വിവിധ വകുപ്പുകളിലേയ്ക്ക് എത്ര അധിക തസ്തികകൾ സൂപ്പർ ന്യൂമററിയായി സൃഷ്ടിക്കാൻ ഉത്തരവായിട്ടുണ്ട് ;<br><br>(ബി) എങ്കിൽ പ്രസ്തുത തസ്തികകളുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ; | (എ & ബി) ആശ്രിതനിയമന പദ്ധതി പ്രകാരം, സർക്കാർ ഉത്തരവ് ലഭിച്ചതിന് ശേഷവും മാതൃവകുപ്പുകളിൽ ഒഴിവില്ലാത്തതിനാൽ, വിവിധ വകുപ്പുകളിലേക്ക് പരിഗണിക്കപ്പെടുന്നതിനായി സർക്കാരിന്റെ ആശ്രിതനിയമന സെല്ലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ കുടിശ്ശിക ഒറ്റത്തവണയായി തീർക്കുന്നതിനായി 549 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ടി തസ്തികകളുടെ വകുപ്പുതലവിഭജനം നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. |
| (സി) ആശ്രിതനിയമന പ്രകാരം എൽ.ഡി.സി (വിവിധം) തസ്തികയിലേക്ക് എന്ന് വരെ അപേക്ഷിച്ചവർക്ക് നിയമനം നൽകിയിട്ടുണ്ട് ; | (സി) 18-5-2005 വരെയുള്ള അപേക്ഷകർക്കാണ് ഒഴിവ് നിർണ്ണയിച്ച് നൽകിയിട്ടുള്ളത്. |
| (ഡി) അധിക തസ്തികകൾ സൃഷ്ടിക്കുന്നതിലൂടെ എൽ.ഡി.സി തസ്തികയിലേക്ക് നാളിതുവരെ അപേക്ഷിച്ച മുഴുവൻ പേർക്കും നിയമനം ലഭിക്കുമോ? | (ഡി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ